**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 602** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ ഉന്നതികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ പറമ്പിക്കുളം മേഖലയിലുള്ള പൂപ്പാറ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **<u>കെ.എസ്.ഇ.ബി.എൽ</u>**

പറമ്പിക്കുളം മേഖലയിലെ അല്ലിമൂപ്പൻ, 30 ഏക്കർ, ഒറവൻപാടി, പൂപ്പാറ, കുരിയർകുറ്റി എന്നീ ആദിവാസി നഗറുകളിൽ 2017-ലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി സോളാർ പാനൽ വച്ച് വികേന്ദ്രീകൃത വൈദ്യുതീകരണത്തിലൂടെ കെ.എസ്.ഇ.ബി.എൽ (കൺസ്യൂമർ നമ്പർ ഉൾപ്പെടെ നൽകി കെ.എസ്.ഇ.ബി.എൽ-ന്റെ ഉപഭോക്താക്കളാക്കികൊണ്ട്) വൈദ്യുതി എത്തിച്ചിരുന്നു. പറമ്പിക്കുളത്തെ പൂപ്പാറ നഗറിൽ 2012-ൽ 3.2 kw സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിച്ചിരുന്നു. എന്നാൽ പറമ്പിക്കുളത്തെ പൂപ്പാറ നഗറിൽ നിലവിൽ സോളാർ വൈദ്യുതി പ്രവർത്തനക്ഷമമല്ല.

പ്രദേശവാസികളുടെ നിവേദനത്തെത്തുടർന്നു കളക്ടറുടെ നിർദ്ദേശമനുസരിച്ച് ഈ പട്ടികവർഗ്ഗ നഗറുകളിൽ ഭൂഗർഭ കേബിളുകളുപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും Tribal Department ന്റെ ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രോജക്ട് റിപ്പോർട്ട് പാലക്കാട് ജില്ല കളക്ടർക്കും ട്രൈബൽ ഡിപ്പാർട്ട്മെന്റിനും 2021-ൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവമ്പാടി നഗറുകളുടെ വൈദ്യുതികരണത്തിനായി 11.10 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. പൂപ്പാറ, കുരിയാറുകുറ്റി നഗറുകളിൽ തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ഉപയോഗിച്ച് മാത്രമേ വൈദ്യുതീകരണം സാധ്യമാകുകയുള്ളൂ. TANGENDCO-യിൽ നിന്ന് supply extend ചെയ്ത് വൈദ്യുതീകരണം നടത്തുന്നതിനായി പൂപ്പാറ നഗറിനായി 8.55 കോടി രൂപയുടെയും കുരിയാറുകുറ്റി നഗറിനായി 9.4 കോടി രൂപയുടെയും എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

വനംവകുപ്പിന്റെ അനുമതി, തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള അനുമതി, വൈദ്യുതീകരണത്തിന് ആവശ്യമായ തുക എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് നഗറുകളുടെ വൈദ്യുതീകരണം നടപ്പിലാക്കാനായിരുന്നു കെഎസ്ഇബിഎൽ തീരുമാനിച്ചിരുന്നത്.

എന്നാൽ 05.07.2022-ന ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയും ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയും, വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ, ഇത്രയും വലിയ തുക, തമിഴ്നാട്ടിൽ നിന്നുമുള്ള അനുമതി എന്നിവ ലഭ്യമാക്കുന്നതിന്റെ സാങ്കേതിക ബുദ്ധിമുട്ട് പരിഗണിച്ച് ശേഷി കൂടിയ ഓഫ്ഗ്രിഡ് സോളാർ പാനൽ വയ്ക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ അനെർട്ട് ഡയറക്ടറോടു ആവശ്യപ്പെട്ടിരുന്നു.

<u>**അനെർട്ട്**</u>

നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ പറമ്പിക്കുളം മേഖലയിലുള്ള പൂപ്പാറ (56 വീടുകൾ) ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ സൗരോർജ വൈദ്യുതീകരണം നടത്തുന്നതിനുള്ള സാധ്യതപഠനം അനെർട്ട് പൂർത്തീകരിച്ചുണ്ട്.

**(ബി)** പ്രസ്തുത മേഖലയിലെ തേക്കടി അല്ലിമൂപ്പൻ, മുപ്പത് ഏക്കർ, ഒറവമ്പാടി, കുരിയാർകുറ്റി, കച്ചിത്തോട് എന്നീ ഉന്നതികളിൽ 2016-ൽ സ്ഥാപിച്ച ഓഫ്-ഗ്രിഡ് സോളാർ പ്ലാന്റുകൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>**മറുപടി:**</u> <u>**കെ.എസ്.ഇ.ബി.എൽ**</u>

തേക്കടി, മുപ്പത് ഏക്കർ, അല്ലിമൂപ്പൻ, ഒറവൻപാടി, കാച്ചിത്തോട്, കുര്യാർകുട്ടി ഉന്നതികളിൽ 2016ൽ സ്ഥാപിച്ച സോളാർ പ്ലാന്റുകൾ പ്രവർത്തനക്ഷമമാണ്. എല്ലാ മാസവും കെ.എസ്.ഇ.ബി.എൽ മേൽപ്പറഞ്ഞ നഗറുകളിൽ മെയിന്റനൻസ് ജോലികൾ നടത്തിവരുന്നുണ്ട്.

തേക്കടി, മുപ്പത് ഏക്കർ, അല്ലിമൂപ്പൻ, ഒറവൻപാടി, കാച്ചിത്തോട്, കുര്യാർകുട്ടി എന്നീ ഉന്നതികളിലെ സോളാർ പ്ലാന്റുകളുടെ നവീകരണത്തിനും പുതിയ വീടുകൾക്ക് വൈദ്യുതി നൽകുന്നതിനുമായി സോളാർ ശേഷി വർദ്ധിപ്പിക്കുന്നതിന് Rs.2,39,00,000/- രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.എൽ തയ്യാറാക്കിയിട്ടുണ്ട്.

<u>**അനെർട്ട്**</u>

തേക്കടി അല്ലിമൂപ്പൻ, മുപ്പത് ഏക്കർ, ഒറവമ്പാടി, കുരിയാർകുറ്റി, കച്ചിത്തോട് എന്നീ ഉന്നതികളിൽ 2016-ൽ കെ.എസ്.ഇ.ബി. എൽ. ആണ് ഓഫ്-ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിച്ചത്. ഇവ പ്രവർത്തിക്കാത്തതിനാൽ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ എന്നീ ഉന്നതികളിലെ 21 വീടുകളിൽ അനെർട്ട് 1.5 കിലോവാട്ട് വീതം ശേഷിയുള്ള പുതിയ ഓഫ് ഗ്രിഡ് സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്.

കുരിയാർകുട്ടി ഉന്നതിയിൽ ആകെ 69 PVTG (Particularly Vulnerable Tribal Groups) കുടുംബങ്ങളാണുള്ളത്. ഇതിൽ 59 വീടുകളിൽ 1.5 കിലോവാട്ട് വീതം ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണം പൂർത്തീകരിച്ചു. ശേഷിക്കുന്ന 10 വീടുകളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾ ആദ്യ ഘട്ടത്തിൽ തയ്യാറാകാതിരുന്നതിനാൽ സൗരോർജ വൈദ്യുതീകരണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

**(സി)** പ്രസ്തുത പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ആവശ്യമായ സോളാർ വൈദ്യുതി എത്തിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനായി ഫണ്ട് ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ;

<u>**മറുപടി:**</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പൂപ്പാറ ഉന്നതിയിലെ 56 കുടുംബങ്ങൾക്ക് ഉൾപ്പെടെ നിലവിലുള്ള സോളാർ സംവിധാനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും തകരാറുകൾ പരിഹരിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** **<u>അനെർട്ട്</u>**

പൂപ്പാറ ഉന്നതിയിലെ 56 കുടുംബങ്ങളുടെ വീടുകളിൽ സൗരോർജ്ജ വൈദ്യുതീകരണം നടത്തുന്നതിനുള്ള സാധ്യതപഠനം അനെർട്ട് പൂർത്തീകരിച്ചുണ്ട്.

**(ഇ)** പൂപ്പാറ ഉന്നതിയിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനായി തമിഴ്നാട്ടിലെ ഷേക്കൽമുടി മുതൽ പൂപ്പാറ വരെ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** **<u>കെ.എസ്.ഇ.ബി.എൽ</u>**

പറമ്പിക്കുളം മേഖലയിലെ അല്ലിമൂപ്പൻ, 30 ഏക്കർ, ഒറവൻപാടി, പൂപ്പാറ, കുരിയർകുറ്റി എന്നീ ആദിവാസി നഗറുകളിൽ 2017-ലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി സോളാർ പാനൽ വച്ച് വികേന്ദ്രീകൃത വൈദ്യുതീകരണത്തിലൂടെ കെ.എസ്.ഇ.ബി.എൽ (കൺസ്യൂമർ നമ്പർ ഉൾപ്പെടെ നൽകി കെ.എസ്.ഇ.ബി.എൽ-ന്റെ ഉപഭോക്താക്കളാക്കികൊണ്ട്) വൈദ്യുതി എത്തിച്ചിരുന്നു. പറമ്പിക്കുളത്തെ പൂപ്പാറ നഗറിൽ 2012-ൽ 3.2 kw സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതീകരിച്ചിരുന്നു. എന്നാൽ പറമ്പിക്കുളത്തെ പൂപ്പാറ നഗറിൽ നിലവിൽ സോളാർ വൈദ്യുതി പ്രവർത്തനക്ഷമമല്ല.

പ്രദേശവാസികളുടെ നിവേദനത്തെത്തുടർന്ന് കളക്ടറുടെ നിർദ്ദേശമനുസരിച്ച് ഈ പട്ടികവർഗ്ഗ നഗറുകളിൽ ഭൂഗർഭ കേബിളുകളുപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും Tribal Department ന്റെ ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രോജക്ട് റിപ്പോർട്ട് പാലക്കാട് ജില്ല കളക്ടർക്കും ട്രൈബൽ ഡിപ്പാർട്ട്മെന്റിനും 2021-ൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവമ്പാടി കോളനികളുടെ വൈദ്യുതികരണത്തിനായി 11.10 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. പൂപ്പാറ, കുരിയാറുകുറ്റി നഗറുകളിൽ തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ഉപയോഗിച്ച് മാത്രമേ വൈദ്യുതീകരണം സാധ്യമാകുകയുള്ളൂ. TANGENDCO-യിൽ നിന്ന് supply extend ചെയ്ത് വൈദ്യുതീകരണം നടത്തുന്നതിനായി പൂപ്പാറ നഗറിനായി 8.55 കോടി രൂപയുടെയും കുരിയാറുകുറ്റി നഗറിനായി 9.4 കോടി രൂപയുടെയും എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

വനംവകുപ്പിന്റെ അനുമതി, തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള അനുമതി, വൈദ്യുതീകരണത്തിനു ആവശ്യമായ തുക എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് നഗറുകളുടെ വൈദ്യുതീകരണം നടപ്പിലാക്കാനായിരുന്നു കെഎസ്ഇബിഎൽ തീരുമാനിച്ചിരുന്നത്.

എന്നാൽ 5.07.2022-ന ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയും ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയും, വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ, ഇത്രയും വലിയ തുക, തമിഴ്നാട്ടിൽ നിന്നുമുള്ള അനുമതി എന്നിവ ലഭ്യമാക്കുന്നതിന്റെ സാങ്കേതിക ബുദ്ധിമുട്ട് പരിഗണിച്ച് ശേഷി കൂടിയ ഓഫ് ഗ്രിഡ് സോളാർ പാനൽ വയ്ക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ അനെർട്ട് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ പറമ്പിക്കുളം മേഖലയിലുള്ള പൂപ്പാറ (56 വീടുകൾ) ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ ഉന്നതികളിൽ സൗരോർജ വൈദ്യുതീകരണം നടത്തുന്നതിനുള്ള സാധ്യതപഠനം **അനെർട്ട്** പൂർത്തീകരിച്ചുണ്ട്.

**സെക്ഷൻ ഓഫീസർ**